# അവർ പറയില്ല,
# പക്ഷെ നമ്മൾ അറിയണം

## തിരുനെൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ 400 കെ.വി വൈദ്യുതി ഇടനാഴി യാഥാർത്ഥ്യമായി

ഉദ്ഘാടനം: നവംബർ 18 ന്, വൈകിട്ട് 6 മണിക്ക്

ബഹു. കേരള മുഖ്യമന്ത്രി **പിണറായി വിജയൻ** നിർവ്വഹിക്കുന്നു.

അദ്ധ്യക്ഷൻ: ബഹു. വൈദ്യുതി വകുപ്പ് മന്ത്രി **എം. എം. മണി**.

സ്ഥലം: അടൂർ ഗ്രീൻവാലി ആഡിറ്റോറിയം

സുഹൃത്തേ,

ഇതാ കേരള സർക്കാരിന്റെ ഇച്ഛാശക്തിക്ക് മറ്റൊരുദാഹരണം കൂടി.

കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിനുള്ള വൈദ്യുതി വിഹിതം എത്തിക്കുന്നതിനായി 2008 ലാണ് പവർഗ്രിഡ് കോർപ്പറേഷൻ തിരുനെൽവേലി-മടക്കത്തറ 440 കെ.വി ലൈനിന്റെ പണി ആരംഭിച്ചത്. കഴിഞ്ഞ ഇടതു സർക്കാരിന്റെ കാലത്തുതന്നെ, 2010-ൽ, തിരുനൽവേലി-ഇടമൺഭാഗവും 2011ൽ മാടക്കത്തറ കൊച്ചി ഭാഗവും പൂർത്തിയാക്കിയിരുന്നെങ്കിലും ഭരണമാറ്റത്തെ തുടർന്നു പിന്നീടു വന്ന സർക്കാർ തികഞ്ഞ അലംഭാവമാണ് സുപ്രധാനമായ ഈ ഊർജ്ജ ഇടനാഴിയുടെ കാര്യത്തിൽ കാണിച്ചത്. പ്രസരണലൈനിന്റെ ഏറ്റവും പ്രധാന ഭാഗമായ ഇടമൺ-കൊച്ചി 148 കിലോമീറ്റർ ദൂരം പൂർത്തിയാക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ആ സർക്കാർ കാണിച്ചില്ല. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ നാലു ജില്ലകളിലെ ലൈൻ നിർമ്മാണത്തിന് കാര്യശേഷിയോടെയുള്ള ഇടപെടലുകൾ ഇല്ലാതിരുന്നതുകൊണ്ടുതന്നെ പദ്ധതി അനിശ്ചിതമായി വൈകി എന്നു മാത്രമല്ല ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ ലൈൻ നിർമ്മാണം എന്നെന്നേക്കുമായി ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു.

സംസ്ഥാനത്തിന്റെ ഊർജ്ജ ആസൂത്രണത്തിലും സമഗ്രവികസനത്തിലും ഒഴിവാക്കാനാവാത്ത ഘടകമാണ് ഈ വൈദ്യുത ഇടനാഴി. സംസ്ഥാനത്ത് ആവശ്യമുള്ള 70% വൈദ്യുതിയും പുറമേ നിന്നു കൊണ്ടുവരേണ്ടി വരുന്ന ഇന്നത്തെ സാഹചര്യത്തിൽ 2000 മെഗാവാട്ട് വരെ സുഗമമായി എത്തിക്കാൻ പറ്റുന്ന ഈ വൈദ്യുത ഇടനാഴിയുടെ ആവശ്യകത പരമപ്രധാനമാണ്. വൈദ്യുതി ദരിദ്രമായ നമ്മുടെ സംസ്ഥാനത്ത് ഉദ്ദേശ്യം 500 മെഗാവാട്ട് ശേഷിയുള്ള ഒരു പുതിയ വൈദ്യുതി നിലയത്തിന് സമാനമാണിത്.

കേരളത്തിന്റെ സമഗ്ര വികസനത്തിന് ദീർഘവീക്ഷണത്തോടെ ഇടപെടുന്ന പിണറായി സർക്കാർ അധികാരമേറ്റ ഉടനെ ഒരു പതിറ്റാണ്ടു മുമ്പു തുടങ്ങിയ ഈ പദ്ധതി വിലയിരുത്തുകയും ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള ചടുലമായ നടപടികൾ കൈക്കൊള്ളുകയുണ്ടായി. തുടർന്ന് 2017 ആഗസ്റ്റിൽ പണികൾ പുനരാരംഭിക്കുകയും 2019 സെപ്റ്റംബറിൽ പരീക്ഷണ ചാർജിംഗ് നടത്തുകയും ചെയ്തു. ഈ ലൈനിലൂടെ വൈദ്യുതി എത്തി തുടങ്ങിയപ്പോൾ പാലക്കാട്, കൊച്ചി, കോട്ടയം തുടങ്ങിയ മേഖലകളിൽ ഉൾപ്പെടെ ശരാശരി രണ്ട് കെ വി വോൾട്ടേജ് വർധനവ് ഉണ്ടായി. പരമാവധി ശേഷിയിൽ വൈദ്യുതി എത്തിച്ചിരുന്ന ഉദുമൽപെട്ട് പാലക്കാട്, മൈസൂർ-അരീക്കോട് എന്നീ അന്തർസംസ്ഥാന ലൈനുകളിലെ ലോഡ് ആനുപാതികമായി കുറവ് വരുത്താനും കഴിഞ്ഞു. പ്രസരണ നഷ്ടത്തിലും ഗണ്യമായി കുറവ് വരുന്നത് സംസ്ഥാനത്തിന് നേട്ടമാവും. ഏതാണ്ട് 50 കോടി രൂപയുടെ ലാഭം വൈദ്യുത ബോരഡിനുണ്ടാകുമെന്നു കണക്കാക്കുന്നു.

ഒരിക്കലും നടക്കുകയില്ലെന്ന് എല്ലാവരാലും എഴുതി തള്ളിയിരുന്ന ഈ പദ്ധതി ദ്രുതഗതിയിൽ പൂർത്തിയാക്കുക വഴി പിണറായി സർക്കാരിന്റെ മറ്റൊരു വികസന അത്ഭുതമാണ് അരങ്ങേറിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഉത്ഘാടനം 2019 നവംബർ 18 ന് വൈകിട്ട് 6 മണിക്ക് അടൂർ ഗ്രീൻവാലി ആഡിറ്റോറിയത്തിൽ വച്ച് ബഹു.കേരള മുഖ്യമന്ത്രി **പിണറായി വിജയൻ** നിർവ്വഹിക്കുന്നു. ബഹു. വൈദ്യുത വകുപ്പ് മന്ത്രി **എം. എം. മണി** അദ്ധ്യക്ഷത വഹിക്കുന്ന ഈ യോഗത്തിലേക്ക് എല്ലാ ജനങ്ങളേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ഈ കാലയളവിൽ കെ.എസ്.ഇ.ബി കൈവരിച്ച നേട്ടങ്ങളിൽ ചിലത്

- 2017 മെയ് മാസത്തോടെ കേരളം സമ്പൂർണമായി വൈദ്യുതീകരിക്കപ്പെട്ട ആദ്യ സംസ്ഥാനമായി.
- കേന്ദ്ര ഊർജ്ജമന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡിന് കേരളം 2017 ലും 2018 ലും അർഹമായി.
- നീതി ആയോഗ് തയ്യാറാക്കിയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളം ഒന്നാമതെത്തി.
- സംസ്ഥാനത്തിനാവശ്യമുള്ളതിൽ ഭൂരിഭാഗം വൈദ്യുതിയും പുറത്തുനിന്നും എത്തിക്കേണ്ടിവന്നിട്ടുകൂടി ശാസ്ത്രീയമായ ലോഡ് ഫോർക്കാസ്റ്റിംഗിലൂടെയും നിരന്തരമായ ജാഗ്രത പുലർത്തിയും കഴിഞ്ഞ 4 വർഷവും പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കുന്നതിൽ വിജയിച്ചു.
- പള്ളിവാസൽ, തോട്ടിയാർ, ചാത്തങ്കോട്ടുനട, ചെങ്കളം ഓഗ്മെന്റേഷൻ എന്നീ നിർമാണം നിലച്ച് മുടങ്ങിക്കിടന്ന വൈദ്യുത ഉത്പാദന പദ്ധതികൾ പുനഃരാരംഭിച്ചു.

- ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും 25.1 മെഗാവാട്ടും, സോളാർ വഴി 153 മെഗാവാട്ടും, കാറ്റിൽ നിന്നും 27 മെഗാവാട്ടും ഉൾപ്പടെ ആകെ 205 മെഗാവാട്ട് വൈദ്യുതോത്പാദനം വർദ്ധിപ്പിച്ചു.
- മിഷൻ റീകണക്ട് എന്ന അതിവേഗ ദൗത്യം വ്യക്തമായ ആലോചനകളിലൂടെയും കണിശമായ ആസൂത്രണത്തിലൂടെയും നടപ്പിലാക്കുകവഴി പ്രളയത്തിൽ തകർന്ന വൈദ്യുത വിതരണ ശൃംഖല രണ്ടാഴ്ച കൊണ്ട് പുനഃസ്ഥാപിച്ചത് ലോകബാങ്കിന്റെപോലും പ്രത്യേക പരാമർശത്തിന് പാത്രമായി.

**നവകേരളം സൃഷ്ടിക്കുവാനായി പ്രതിജ്ഞാബദ്ധമായി മുന്നേറുന്ന ഇടതുപക്ഷ മുന്നണി സർക്കാറിന്റെ കരുത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് ഏറ്റെടുത്തിരിക്കുന്ന ഭാവനാപൂർണമായ പദ്ധതികളെക്കുറിച്ചുകൂടി ജനങ്ങളറിയേണ്ടതുണ്ട്.**

### ■ കെ ഫോൺ

ഇന്റർനെറ്റ് മനുഷ്യാവകാശമാക്കി മാറ്റിയ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം പൊള്ളയല്ലെന്നു ബോധ്യപ്പെടുത്തുന്ന പദ്ധതിയാണ് കെഫോൺ. കെ.എസ്.ഇ.ബി ലിമിറ്റഡും KSITIL ഉം സംയുക്തമായി ഒപ്ടിക്കൽ ഫൈബർ കേബിൾ ശൃംഖല നിർമ്മിച്ച് സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായും, 30,000 സർക്കാർ ഓഫീസുകളിലേക്കും, മറ്റുള്ളവർക്കും ചുരുങ്ങിയ നിരക്കിലും അതിവേഗ ഇന്റർനെറ്റ് വിവരവിനിമയ സംവിധാനമൊരുക്കുന്നു. കൂടാതെ ഇന്റർനെറ്റ് / കേബിൾ ടിവി സേവന ദാദാക്കൾക്കും ഒപ്ടിക്കൽ ഫൈബർ ശൃംഖല ഉപയോഗിക്കാനാകും. 1200 കോടി മുതൽ മുടക്കുള്ള കെ ഫോൺ പദ്ധതി 2020 ഓടെ പൂർത്തിയാകും.

### ■ സൗര

വൈദ്യുതി ഉത്പാദന രംഗത്ത് സംസ്ഥാനത്തിന്റെ കുറവ് പരിഹരിക്കാനും അതോടൊപ്പം ഇന്ത്യ ഉൾപ്പെട്ടിരിക്കുന്ന അന്താരാഷ്ട്ര കാലാവസ്ഥാ ഉടമ്പടിയ്ക്കനുസരിച്ചും വരുന്ന രണ്ട് വർഷത്തിനകം1000 മെഗാവാട്ട് ഊർജ്ജം വിതരണ ശൃംഖലയിൽ കൂട്ടിച്ചേർക്കുന്നതിന് ലക്ഷ്യമിടുന്ന സൗരോർജ്ജ പദ്ധതിയാണ് സൗര. ഇന്ത്യയിലെ ഏറ്റവും വലിയ പുരപ്പുറ സൗരോർജ്ജ പദ്ധതികൂടിയായ സൗരയുടെ ഭാഗമായി 200 മെഗാവാട്ട് വൈദ്യുതിയാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. പൊതുജനങ്ങൾക്ക് പങ്കാളികളാകാവുന്ന ആകർഷകമായ പദ്ധതികളുള്ള സൗര 2021 മാർച്ച് മാസത്തോടെ പൂർത്തിയാകും.

### ■ ട്രാൻസ് ഗ്രിഡ് 2

ഭാവി കേരളത്തിന്റെ ഊർജ്ജാവശ്യങ്ങൾ നിറവേറണമെങ്കിൽ വൈദ്യുതപ്രസരണ ശൃംഖലയും ശക്തിപ്പെടേണ്ടതും, നവീകരിക്കപ്പെടേണ്ടതുമുണ്ട്. ആ ലക്ഷ്യം മുന്നിൽ കണ്ട് കിഫ്ബിയുടെ സഹകരണത്തോടെ 9000 കോടി രൂപയുടെ ബൃഹത്ത് പദ്ധതിയാണ് ട്രാൻസ് ഗ്രിഡ് 2. അഴിമതിയാരോപണങ്ങൾ പോലുള്ള ഉണ്ടയില്ലാ വെടികൾ അതിജീവിച്ച് അതിവേഗം മുന്നേറുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി ഇതിനോടകം തന്നെ അതിന്റെ ഗുണഫലങ്ങൾ നൽകി തുടങ്ങിയിട്ടുണ്ട്.

### ■ ഫിലമെന്റ് രഹിത കേരളം

താരതമ്യേന ഊർജ്ജക്ഷമത കുറഞ്ഞ ഫിലമെന്റ് ബൾബുകളും, സി.എഫ്.എൽ ബൾബുകളും മാറ്റി പകരം ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുക വഴി കേരളത്തിലെ 80 ലക്ഷം വീടുകളും മറ്റ് സ്ഥാപനങ്ങളും ഫിലമെന്റ് രഹിതമാക്കാനുള്ള പദ്ധതിയാണിത്. ഇതിനായി കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു.

### ■ ദ്യുതി

വർദ്ധിച്ചു വരുന്ന വൈദ്യുതോപയോഗത്തിനനുസരിച്ച് വിതരണമേഖലയെ ഒന്നാകെ പുന:സംഘടിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനായുള്ള 4000 കോടി രൂപയുടെ പദ്ധതിയാണ് ദ്യുതി. വിതരണ മേഖലയിലുള്ള ഹൈടെൻഷൻ ലൈനുകളുടെ മാപ്പിംഗ് അടക്കം നിരവധി പ്രവർത്തനങ്ങൾ ദ്യുതിയുടെ ഭാഗമായി ആരംഭിച്ചു കഴിഞ്ഞു.

### ■ ഈ മൊബിലിറ്റി

പുനരുപയോഗ ഊർജ്ജ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താൻ ഗതാഗത രംഗത്ത് ഇലക്ട്രിക് വാഹനങ്ങൾക്കുള്ള പ്രത്യേക പ്രോത്സാഹനം. സംസ്ഥാനമൊട്ടുക്ക് ബാറ്ററി ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ. നോഡൽ ഏജൻസി കെ.എസ്.ഇ.ബി ലിമിറ്റഡ്. 2020 ഓടെ വൈദ്യുതി ഉപയോഗിച്ചുള്ള 200000 ഇരുചക്രവാഹനങ്ങളും, 50000 ആട്ടോറിക്ഷകളും, 1000 ചരക്ക് വാഹനങ്ങളും, 3000 ബസ്സുകളും, 100 ഫെറി ബോട്ടുകളും ഗതാഗത്തിനെത്തിക്കുകയാണ് പദ്ധതിയുടെ ഒന്നാം ഘട്ടം ലക്ഷ്യം വയ്ക്കുന്നത്. 2022 ഓടു കൂടി സംസ്ഥാനത്ത് 1000000 വൈദ്യുത വാഹനങ്ങളാണ് അടുത്ത ഘട്ടം.

### ■ ഈ സേഫ്

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സംസ്ഥാനത്ത് ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന വൈദ്യുത സുരക്ഷാ പദ്ധതിയാണ് ഈ സേഫ്. വൈദ്യുതി അപകടങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതും പ്രാദേശിക സർക്കാരുകളുടെയും ജനപ്രതിനിധികളുടേയും സഹകരണത്തോടെ നടത്തുന്ന ജനകീയ ബോധവൽക്കരണ പരിപാടിയും ഈ സേഫിന്റെ ഭാഗമാണ്.

പുതിയൊരു കേരളത്തിലേക്ക്, പുതിയൊരു വികസന സംസ്കാരത്തിലേക്ക് നിശ്ചയദാർഢ്യത്തോടെ കേരള ജനതയെ കൂട്ടിക്കൊണ്ടു പോകുന്ന ഇടതു മുന്നണി സർക്കാരിന്റേയും സംസ്ഥാന വൈദ്യുത ബോർഡിന്റേയും നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിയ്ക്കാൻ കേരളത്തിലെ മാധ്യമങ്ങൾ തയ്യാറാവുന്നില്ലെന്നതാണ് യാഥാർത്ഥ്യം. എങ്കിലും വസ്തുതകളുടെ തമസ്കരണത്തിലും നുണപ്രചാരണങ്ങളിലുംപെട്ട് വഞ്ചിതരാകാതിരിക്കാൻ ജനങ്ങളുടെ ജാഗ്രതയാണ് കാലഘട്ടം ആവശ്യപ്പെടുന്നത്. അതിനാൽ വസ്തുതകൾ ജനങ്ങളിലെത്തിക്കുക എന്നത് തൊഴിലാളി സംഘടനകളുടെ കടമയായി ഞങ്ങൾ ഏറ്റെടുക്കുന്നു.

**KSEBWA KSEWF KSEBOA KSEOF**